(ഇ&എഫ്) പശ്ചിമതീര കനാലിന്റേയും തിരുവനന്തപുരം-ഷൊർണ്ണൂർ കനാലിന്റേയും ഭാഗമായ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മി ഭാഗവും, ഉപകനാലുകളായ 23 കി.മീ ദൂരം വരുന്ന ഉദ്യോഗമണ്ഡൽ കനാലും 14 കി.മീ ദൈർഘ്യമുള്ള ചമ്പക്കര കനാലുമാണ് മൂന്നാം ദേശീയ ജലപാത യായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. ഈ ജലപാതയുടെ വികസനപ്രവർത്തനങ്ങളും മരാമത്ത് പണികളും കേന്ദ്രസർക്കാരിന്റെ ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയായ ഇൻലാന്റ് വാട്ടർ അതോറിറ്റി ഓഫ് ഇൻഡ്യയുടെ മേൽനോട്ടത്തിൽ ഊർജ്ജിതമായി നടന്നുവരുന്നു.

സർക്കാരിന്റെ പരിപാടികളും പ്രചാരണങ്ങളും ദൃശ്യ മാധ്യമങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാനുള്ള പദ്ധതി

24(*309) ശ്രീ. ജി. സുധാകരൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം):
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ പരിപാടികളും പ്രചാരണങ്ങളും ദൃശ്യ മാധ്യമങ്ങളിലേയ്ക്ക് കൂടി വ്യാപിപ്പിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സർക്കാരിന്റെ പരിപാടികളും പ്രചാരണങ്ങളും ദൃശ്യ മാധ്യമങ്ങളിലേയ്ക്ക് കൂടി വ്യാപിപ്പിക്കാനുള്ള പദ്ധതിയുടെ നടത്തിപ്പിൽ സ്പോൺസർഷിപ്പുകൾ വഴി വരുമാനം സർക്കാർ പ്രതീക്ഷിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) സർക്കാർ പരിപാടികളും പ്രചാരണങ്ങളും മാധ്യമങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്ന പദ്ധതി ഇതിനകം നടപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ എപ്രകാരമെന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ സി-ഡിറ്റിന്റെ സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ മേഖലകളിൽ സഹായസഹകരണങ്ങൾ ലക്ഷ്യമിടുന്നു എന്ന് വെളിപ്പെടുത്തുമോ ;

(എഫ്) സർക്കാരിന്റെ ജനക്ഷേമ പരിപാടികളെക്കുറിച്ചും പ്രാദേശിക വികസന പ്രവർത്തനങ്ങളെക്കുറിച്ചും കാസറ്റുകൾ പുറത്തിറക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) ഉണ്ട്.

(ബി) ഉണ്ട്. 'ഡി'യിലും , 'ഇ'യിലും ഇതിനു വിശദമായി മറുപടി ചേർത്തിട്ടുണ്ട്.

(സി) ഇതുവരെയില്ല.

(ഡി&ഇ) ഉണ്ട്. ഇടതുപക്ഷ സർക്കാരിന്റെ 4-ാം വാർഷികം പ്രമാണിച്ച് 15 സ്പോട്ടുകളും ഒരു ഡോക്യുമെന്ററിയും നിർമ്മിച്ച് സംപ്രേക്ഷണം നടത്തി. അഞ്ചാം വാർഷികത്തിന്റെ ഭാഗമായി 10 സ്പോട്ടുകൾ നിർമ്മിച്ചു സംപ്രേക്ഷണം തുടങ്ങി. ഒരു ഡോക്യുമെന്ററി നിർമ്മിച്ച് സംപ്രേക്ഷണം ചെയ്യാനുദ്ദേശിക്കുന്നു. നിർമ്മാണചുമതല 'സി ഡിറ്റി' നെയാണ് ഏല്പിച്ചിരിക്കുന്നത്.

(എഫ്) കാസെറ്റുകൾ പുറത്തിറക്കിയിട്ടില്ല.

ക്ഷീരോൽപ്പാദനത്തിന്റെ കണക്ക്

25(*310) ശ്രീ. പി. പി. സുലൈൻമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ക്ഷീരോൽപ്പാദനത്തിന്റെ കണക്ക് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്ത് അന്യ സംസ്ഥാനത്തു നിന്നും പാൽകൊണ്ടുവന്ന് വിപണനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മിൽമ അന്യ സംസ്ഥാനങ്ങളിൽനിന്നും പാൽ ഇറക്കുമതി ചെയ്യുകയോ പാൽപ്പൊടിയെ ആശ്രയിച്ച് പാൽ ഉൽപ്പാദനം നടത്തുകയോ ചെയ്യുന്നുണ്ടോ ; വിശദവിവരം വ്യക്തമാക്കുമോ ;

(ഡി) ക്ഷീരോൽപ്പാദനം സംസ്ഥാനത്തിന്റെ ആവശ്യകതയ്ക്കനുസൃതമായി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) സംസ്ഥാനത്ത് നടപ്പ് സാമ്പത്തിക വർഷം 26.75 മെട്രിക് ടൺ പാൽ ഉൽപ്പാദിപ്പിക്കപ്പെടുമെന്നാണ് കരുതുന്നത്.

(ബി) ഉണ്ട്.

(സി) ഉണ്ട്. വേനൽക്കാലത്ത് പാലിന്റെ ലഭ്യത കുറയുന്നതു കാരണം അയൽ സംസ്ഥാനങ്ങളിലെ സഹകരണ ക്ഷീരവിപണന ഫെഡറേഷനിലെ ഡയറികളിൽനിന്നും പാലും പാൽപ്പൊടിയും മിൽമ വാങ്ങി സംസ്ഥാനത്ത് വിതരണത്തിനായി എത്തിക്കുന്നുണ്ട്.

(ഡി) സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly